# കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസ്

ഡോ. എം. കുര്യൻ തോമസ്

''സാദ്ധ്യമല്ല'' എന്നു പറയാനുള്ള കഴിവ് ജീവിതവിജയത്തിന് അത്യന്താപേക്ഷിതമാണന്നാണ് പല ചിന്തകരും പറയുന്നത്. അത്തരമൊരു കഴിവ് ഇല്ലാതെ പോയതിനാൽ മാത്രം ചരിത്രത്തിൽ അർഹമായ ഇടം നേടാനാവാതെ വന്ന അനേകം ഹതഭാഗ്യരുണ്ട്. അവരിലൊരാൾ എന്നു തികച്ചും വിശേഷിപ്പിക്കാവുന്ന വ്യക്തിത്വമാണ് കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ. 2017 ഡിസംബർ 14-ന് അദ്ദേഹം കാലംചെയ്തിട്ട് നൂറു വർഷം തികയുകയാണ്.

കണ്ടനാട് തൊഴുപ്പാടൻ കുര്യന്റെയും മുളന്തുരുത്തി സുന്നഹദോസ് കാലത്തെ മുളന്തുരുത്തി പള്ളി വികാരി തോപ്പിൽ ചെറിയതു ചെറിയ കത്തനാരുടെ പുത്രി അന്നയുടേയും മൂന്നാമത്തെ പുത്രനായി 1850 ഡിസംബർ നാലിനു പൗലൂസ് ജനിച്ചു. മലങ്കരസഭയിലെ കക്ഷിവഴക്കിലെ ഏക വൈദിക രക്തസാക്ഷിയായ മുളന്തുരുത്തി പൊനോടത്ത് മത്തായി കത്തനാർ ഇദ്ദേഹത്തിന്റെ മാതൃസഹോദര പുത്രനായിരുന്നു.

1860-ൽ യൂയാക്കീം മാർ കൂറിലോസ് കോറൂയോ സ്ഥാനം നൽകി ശിഷ്യനാക്കി. 1866 ഡിസംബറിൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മലങ്കര മെത്രാപ്പോലീത്താ പൗലൂസ് ശെമ്മാശന് കത്തനാരുപട്ടം നൽകി. 1867 ജനുവരി 7-ന് കണ്ടനാടു പള്ളിയിൽ പുത്തൻ കുർബാന ചൊല്ലി. 1876 സെപ്റ്റംബർ 5-ന് പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് റമ്പാൻ സ്ഥാനം നൽകി. 1895-ൽ പ. പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രയിൽ അദ്ദേഹത്തെ അനുഗമിച്ചു. 1908 ഫെബ്രുവരി 27-ന് ഇദ്ദേഹത്തെ മേല്പട്ടസ്ഥാനത്തേക്കു തിരഞ്ഞെടുത്തു. യെരുശലേമിൽ വച്ച് 1908 മെയ് 31-ന് അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ് പ. വട്ടശ്ശേരിൽ തിരുമേനിക്കൊപ്പം ഇദ്ദേഹത്തെ കൂറിലോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. 1910-ൽ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാനായി പാത്രിയർക്കീസിനാൽ നിയമിതനായി. കൊച്ചി, കോട്ടയം ഭദ്രാസനങ്ങളുടെ മെത്രാനായി നിയമിതനായെന്നും ചില പരാമർശനങ്ങൾ ഉണ്ട്. 1917 ഡിസംബർ 14-ന് കാലംചെയ്തു. കോട്ടയം പാണമ്പടി പള്ളിയിൽ കബറടക്കി. ഇത്രയുമാണ് അദ്ദേഹത്തിന്റെ ലഘുജീവിതരേഖ.

സഭയോടു പ്രതിബദ്ധതയുള്ള കർമ്മനിരതനായ ഒരു സന്യാസി, അതായിരുന്നു കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ. 1877-ൽ പ. പരുമല തിരുമേനി പരുമലയിലേയ്ക്ക് മാറിയതോടെ കൊച്ചുപറമ്പിൽ റമ്പാനെ വെട്ടിക്കൽ ദയറായുടെ ചുമതലക്കാരനായി നിയമിച്ചു. പ. പരുമല തിരുമേനി പ്രാരംഭമിട്ട വെട്ടിക്കൽ ദയറായുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത് അന്ന് *കൊച്ചുറമ്പാൻ* എന്നും പിന്നീട് *വലിയ പൗലൂസ് റമ്പാൻ* എന്നും മലങ്കരയിൽ അറിയപ്പെട്ട കൊച്ചുപറമ്പിൽ റമ്പാനാണ്. ഇതേ കാലത്തുതന്നെ സമീപ പ്രദേശങ്ങളിൽ ഏതാനും സ്കൂളുകൾ സ്ഥാപിക്കുന്നതിനും അദ്ദേഹം മുൻകൈ എടുത്തു.

1895-ൽ കൊച്ചുപറമ്പിൽ റമ്പാനെ പഴയ സെമിനാരി മാനേജർ ആയി പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ നിയമിച്ചു. സ്ഥാപനകാലം മുതൽ അപൂർണ്ണമായി കിടന്നിരുന്ന സെമിനാരി ചാപ്പലിന്റെ പണി പൂർത്തിയാക്കുക എന്നതായിരുന്നു പ്രധാന ദൗത്യം. അതു പൂർത്തിയാക്കി 1897 നവംബർ 24 (വൃശ്ചികം 12) -നു പ. പരുമല തിരുമേനി കൂദാശ ചെയ്തു. അതോടൊപ്പം സെമിനാരിക്ക് ഒരു ഊട്ടുപുര നിർമ്മിക്കുകയും ചുറ്റുമതിൽ കെട്ടിക്കുകയും ചെയ്തു. ഇക്കാലത്ത് മലങ്കര ഇടവകപത്രിക, മാർതോമ്മസ് പ്രസ് ഇവയുടെ മാനേജരും കൊച്ചുപറമ്പിൽ റമ്പാൻ ആയിരുന്നു.

നിശ്ചിത പ്രതിമാസ വരുമാനമില്ലാതെ പസാരവിഹിതവും കർമ്മഫീസും കൊണ്ടുമാത്രം ഉപജീവിച്ചു വന്ന കാലത്ത് സ്വന്തം ഇടവക വിട്ട് പൊതുപ്രവർത്തനത്തിനിറങ്ങാൻ വൈദികരെ കിട്ടുക അസാദ്ധ്യമായിരുന്നു. ഇതു സഭയുടെ വികസനപ്രവർത്തനങ്ങളെ തെല്ലൊന്നുമല്ല ബാധിച്ചത്. ഈ സാഹചര്യത്തിൽ *നോ* പറയാനുള്ള കൊച്ചുപറമ്പിൽ റമ്പാന്റെ കഴിവില്ലായ്മ സഭയ്ക്ക് അനുഗ്രഹകരമായി എന്നു പറയാം. അന്നത്തെ രാജ്യതലസ്ഥാനമായ തിരുവനന്തപുരത്ത് വർഷങ്ങൾക്കു മുമ്പ് പ്രാരംഭമിട്ടതും മതിയായ നേതൃത്വത്തിന്റെ അഭാവംകൊണ്ട് ഒരടിപോലും മുന്നേറാനാവാഞ്ഞതുമായ ഒന്നായിരുന്നു അവിടുത്തെ പള്ളി പണി. ഈ ദൗത്യവും കൊച്ചുപറമ്പിൽ റമ്പാനെ മാർ ദീവന്നാസ്യോസ് അഞ്ചാമൻ ഏല്പിച്ചു. ഒറ്റ വർഷം കൊണ്ട് ഇന്നു കാണുന്ന തിരുവനന്തപുരം സെന്റ് ജോർജ്ജ് കത്തീഡ്രൽ പൂർത്തിയാക്കി കൂദാശ ചെയ്താണ് (1900 നവംബർ 22) റമ്പാൻ മടങ്ങിയത്.

http://malankaraorthodox.tv/

ധനമോഹിയോ സ്ഥാനമോഹിയോ ആയിരുന്നില്ല കൊച്ചുപറമ്പിൽ റമ്പാൻ. പഴയസെമിനാരി മാനേജരായിരിക്കെ 10 കിലോമീറ്ററോളം ദൂരെ അമയന്നൂർ ദേശത്ത് ആരംഭിച്ച വിജാതീയ മിഷന് അദ്ദേഹം നൽകിയ കൈത്താങ്ങൽ അതിന്റെ ഉത്തമ ഉദാഹരണമാണ്. വരുമാനമൊന്നും ലഭിക്കില്ലാത്തതിനാൽ അവിടെ ആത്മീയ ദിഷ്ടതികൾ നടത്തിക്കൊടുക്കാൻ സമീപസ്ഥമായ മണർകാട് പള്ളിയിലെ വൈദികർ വിമുഖത കാട്ടിയപ്പോൾ കൊച്ചുപറമ്പിൽ റമ്പാൻ ആ ചുമതല ഏറ്റെടുത്തു. പഴയസെമിനാരിയിൽ നിന്നും ശനിയാഴ്ചതോറും വള്ളത്തിൽ എത്തി അതീവ പരിമിതമായ സൗകര്യങ്ങളിൽ താമസിച്ച് അവരെ പരിപാലിച്ചു. അദ്ദേഹം പ്രവർത്തന മേഖല മാറിയതോടെ മുന്നൂറോളം കുടുംബങ്ങൾ ഉണ്ടായിരുന്ന ആ സഭ പൂർണ്ണമായും നഷ്ടപ്പെട്ടെന്നു പിൽക്കാല ചരിത്രം.

കൊച്ചുപറമ്പിൽ റമ്പാൻ ധനകാര്യങ്ങളിൽ കർക്കശക്കാരനും ഒരു പരിധിവരെ *പിശുക്കനും* ആയിരുന്നു എന്ന് അന്ന് *ഇടവകപത്രിക* പത്രാധിപരായിരുന്ന ഇ. എം. ഫിലിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഏല്പിക്കുന്ന ദൗത്യം ഉത്തരവാദിത്വത്തോടും സത്യസന്ധമായും നടത്തുന്ന കൊച്ചുപറമ്പിൽ റമ്പാന്റെ *എതിരു പറയാനാവില്ല* എന്ന ബലഹീനത മാർ ദീവന്നാസ്യോസ് അഞ്ചാമനു മാത്രമല്ല മറ്റു ചിലർക്കും അറിയാമായിരുന്നു. അതു മുതലാക്കാം എന്ന ലാക്കോടെയാണ് മാർ ദീവന്നാസ്യോസിന്റെ പിൻഗാമിയായി കൊച്ചുപറമ്പിൽ റമ്പാനെ അവർ നിർദ്ദേശിച്ചത്. പക്ഷേ മലങ്കരയുടെ മേലുള്ള അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ *കഴുകൻ കണ്ണിനെ* പ്രതിരോധിക്കുവാൻ ദുർബലനായ കൊച്ചുപറമ്പിൽ റമ്പാനു സാധിക്കില്ല എന്നു പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനു ഉത്തമബോദ്ധ്യം ഉണ്ടായിരുന്നു. അതിനാലാണ് കർക്കശക്കാരൻ എന്നു സുവിദനായ വട്ടശ്ശേരിൽ മല്പാനെ പിൻഗാമിയായും, അതോടൊപ്പം കൊച്ചുപറമ്പിൽ റമ്പാനെ ഭദ്രാസനമില്ലാത്ത മെത്രാപ്പോലീത്തായായും തിരഞ്ഞെടുത്തതും വാഴിപ്പിച്ചതും.

1909-ൽ അബ്ദള്ളാ ദ്വിതീയൻ അന്ത്യോഖ്യാ പാത്രിയർക്കീസ് കേരളത്തിലെത്തി. മലങ്കരയുടെ സ്വാതന്ത്ര്യം അടിയറവെക്കാൻ വിസമ്മതിച്ച മലങ്കര മെത്രാപ്പോലീത്താ പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമനെ മെരുക്കാൻ പാത്രിയർക്കീസും മലങ്കരയിലെ ചില തത്പരകക്ഷികളും മാർ കൂറിലോസിന്റെ ദൗർബല്യം മുതലെടുത്തു. അതിനാൽ അദ്ദേഹത്തിനു പാത്രിയർക്കീസിനോടൊപ്പം ചേരേണ്ടിവന്നു. തുടർന്ന് മെത്രാനഭിഷേകവേളയിൽ നൽകുവാൻ വിസമ്മതിച്ച രജിസ്റ്റർ ഉടമ്പടി അദ്ദേഹം പാത്രിയർക്കീസിനു നൽകി. 1911 ഓഗസ്റ്റ് 30-ന് പാത്രിയർക്കീസ് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വിളിച്ചു കൂട്ടിയ ഒരു യോഗത്തിൽ വച്ച് മാർ കൂറിലോസിനെ ബദൽ മലങ്കര മെത്രാപ്പോലീത്തായായി നിയമിച്ചു.

സാധുവും സത്യസന്ധനും എതിരുപറയാൻ കഴിവില്ലാത്തവനുമായ കൊച്ചുപറമ്പിൽ മാർ കൂറിലോസ് തന്റെ കക്ഷിക്കുവേണ്ടി ഒന്നും ചെയ്തില്ല. ഒന്നും ചെയ്യുമെന്ന് അദ്ദേഹത്തെ നന്നായി അറിയാമായിരുന്ന അന്നത്തെ *ബാവാകക്ഷി* നേതാക്കൾ പ്രതീക്ഷിച്ചും കാണില്ല. ഈ നിസംഗതയെപ്പറ്റി വട്ടിപ്പണക്കേസിന്റെ അന്തിമ വിധിയിൽ ദീർഘമായ പരാമർശനമുണ്ട്. ... സാക്ഷിക്കൂട്ടിൽ കയറുന്നതിന് അദ്ദേഹത്തിന് (മാർ കൂറിലോസ്) *വളരെ വൈമനസ്യം ഉണ്ടായിരുന്നുവെന്ന് കാണുന്നത് വിചിത്രമാണ്. ... നാലാം പ്രതി മരിക്കുന്നതിനു മുമ്പ് അദ്ദേഹത്തെ വിസ്തരിക്കുന്നതിന് വാദികൾ ശക്തിയായ ശ്രമം തുടർച്ചയായി നടത്തി. .... ആ വിസ്താരം നീട്ടി വയ്ക്കുന്നതിന് പ്രതികൾ പല ഒഴികഴിവുകളും പറഞ്ഞു. ... മൊഴി പറയാൻ നാലാം പ്രതിക്ക്* (മാർ കൂറിലോസ്) *അതിയായ വൈഷമ്യം ഉണ്ടായിരുന്നു. കാരണം എന്തു തന്നെ ആയാലും അതു സംശയാസ്പദമായി തോന്നുന്നു.* ... എന്നാണ് വിധിയിലെ പരാമർശനത്തിന്റെ രത്നച്ചുരുക്കം.

മാർ കൂറിലോസിനെ നേരിട്ടറിയാമായിരുന്ന ഇസ്സഡ്. എം. പാറേട്ട് ഈ *അതിയായ വൈഷമ്യ*ത്തിന്റെ കാരണം വ്യക്തമാക്കിയിട്ടുണ്ട്. കോടതിയിൽ വിസ്തരിച്ചാൽ താൻ സത്യം പറഞ്ഞുപോകും എന്ന് മാർ കൂറിലോസിനു വ്യക്തമായ ബോധം ഉണ്ടായിരുന്നെന്നും അതിനാലാണ് അദ്ദേഹം ഒഴിഞ്ഞുമാറിയതെന്നും പാറേട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. അസത്യം പറയാനുള്ള വൈമനസ്യംകൊണ്ട് പാത്രിയർക്കീസിനു നൽകിയ രജിസ്റ്റർ ഉടമ്പടിയിലും *ഉരുണ്ടുകളി* നടത്തിയിട്ടുള്ളതായും പാറേട്ട് ചൂണ്ടിക്കാണിക്കുന്നു.

തികച്ചും സാധുവായിരുന്നു മാർ കൂറിലോസ്. മെത്രാനായശേഷം രണ്ടു റമ്പാന്മാർ തമ്മിലുള്ള ഒരു കലഹം ശമിപ്പിക്കാൻ ശ്രമിച്ചെന്നും, അതിലൊരാൾ അദ്ദേഹത്തോട് *കായികമായി* പ്രതികരിച്ചിട്ടും ഒരക്ഷരം മിണ്ടാതെ അദ്ദേഹം മടങ്ങിയെന്നും ഒരു വായ്മൊഴിവഴക്കം മുളന്തുരുത്തി ഭാഗത്തു പ്രചാരത്തിലുണ്ട്. കാലം ചെയ്ത് ഒരു നൂറ്റാണ്ടിനുശേഷം വിശകലനം ചെയ്യുമ്പോഴും തെളിയുന്നത് ഈ സാധുവിന്റെ *ഇല്ല എന്നു പറയാനുള്ള കഴിവില്ലായ്മ* തല്പരകക്ഷികൾ മുതലെടുത്തു എന്നു തന്നെയാണ്.

(*മലങ്കരസഭാ മാസിക*, 2017 നവംബർ)

http://malankaraorthodox.tv/